# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ഫെബ്രുവരി 17, ബുധൻ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ആരോപണ വിധേയനായ ഊർജ്ജ വകുപ്പുമന്ത്രി മറുപടി പറയുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

11 (*181) സംസ്ഥാനത്തെ റെയിൽവേ വികസനം

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കൂടുതൽ ട്രെയിനുകളും ലൈനുകളും അനുവദിക്കുന്നതിനുൾപ്പെടെയുള്ള നിരവധി നിർദ്ദേശങ്ങൾ കേന്ദ്ര റെയിൽ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പാലക്കാട്, തിരുവനന്തപുരം ഡിവിഷനുകളുടെ കീഴിലുള്ള ചില റൂട്ടുകളിലൊഴികെ മറ്റെല്ലായിടത്തും നിലവിൽ

ലൈൻശേഷിയുടെ 100 ശതമാനത്തിൽ കൂടുതലാണ് ട്രെയിൻ ഓപ്പറേഷൻ നടന്നുവരുന്നത്. നിലവിലുള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചുകൊണ്ട് ആദ്യഘട്ടത്തിൽ തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ഹരിപ്പാട് വരെ (125.56 കി.മീ.) ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും MEMU/EMU റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും പൊതുമേഖലാ സ്ഥാപനമായ മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് അനുസംബന്ധിച്ച് പഠനം നടത്തുകയും 3063.97 കോടി രൂപ അടങ്കലിൽ പദ്ധതി നടപ്പാക്കാൻ കഴിയുമെന്ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റെയിൽവേ വികസനത്തിനായി സംസ്ഥാനം തെരഞ്ഞെടുക്കുന്ന പദ്ധതികൾക്കായി മാത്രം റെയിൽവേയും കേരള സർക്കാരും 49:51 എന്ന അനുപാതത്തിൽ ഓഹരി പങ്കാളിത്തമുള്ള ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കുവാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ റെയിൽവേയുമായി ഒരു ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. സബർബൻ റെയിൽ പദ്ധതി, ശബരി റെയിൽപ്പാത, നിലമ്പൂർ-നഞ്ചൻകോട് പാത എന്നിവ പ്രസ്തുത

എസ്.പി.വി. മുഖേന നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. സംസ്ഥാനത്തെ എം.പി.മാരുമായി പ്രീ-ബഡ്ജറ്റ് ചർച്ച നടത്തുകയും റെയിൽ ലൈനുകൾ ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ഗേജ് മാറ്റം എന്നിവയ്ക്ക് 602 കോടി രൂപ; നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ് സ്വതന്ത്ര ട്രെയിനാക്കുക; തിരുവനന്തപുരം-മധുര-വേളാങ്കണ്ണി എന്നീ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഭാരത് തീർത്ഥ ട്രെയിൻ ആരംഭിക്കുക; തിരുവനന്തപുരം-മംഗലാപുരം ഇന്റർസിറ്റി എക്സ്പ്രസ് ആരംഭിക്കുക; തമിഴ്നാട്, കേരള, കർണ്ണാടക, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളെ ബന്ധിപ്പിച്ച് കന്യാകുമാരി-ഗോവ ടൂറിസ്റ്റ് ട്രെയിൻ ആരംഭിക്കുക; തിരുവനന്തപുരം-നിസ്സാമുദ്ദീൻ രാജധാനി എക്സ്പ്രസ്, കോട്ടയം വഴിയുള്ള കണ്ണൂർ-തിരുവനന്തപുരം ജനശതാബ്ദി ട്രെയിൻ എന്നിവ ദിനംപ്രതിയാക്കുക എന്നീ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വനിതാ കോൺസ്റ്റബിൾമാർ ഉൾപ്പെടെയുള്ള ആർ.പി.എഫ്. ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുകയും ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും യാത്രക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന രണ്ട് RPF Crime

Prevention and Detection Squads (CPDS) ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്ത്രീ യാത്രക്കാരുടെ സുരക്ഷയ്ക്കായി തുടർച്ചയായ ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതോടൊപ്പം വൈകിട്ട് 6 മണിക്കും രാവിലെ 6 മണിക്കുമിടയ്ക്ക് പാസഞ്ചർ ട്രെയിനുകളിൽ സ്ത്രീകളുടെ കമ്പാർട്ട്മെന്റുകൾക്ക് പ്രത്യേക ശ്രദ്ധ നൽകിവരികയും ചെയ്യുന്നുണ്ട്. കമ്മ്യൂണിറ്റി പോലീസിംഗിന്റെ ഭാഗമായി സ്ഥിരമായി ട്രെയിൻ യാത്ര ചെയ്യുന്ന 330 സ്ത്രീകളേയും വിദ്യാർത്ഥിനികളേയും RPF Mitra Yojana പദ്ധതിയിൽ RPF Mitra എന്ന പേരിൽ ഉൾപ്പെടുത്തി തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. തീരദേശ റെയിൽവേ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. സബ്‌വേയും റെയിൽവേ ഓവർ ബ്രിഡ്ജും ഇല്ലാത്ത സ്റ്റേഷനുകളിൽ അവ നിർമ്മിക്കുന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. രാജധാനി എക്സ്പ്രസിന് മലപ്പുറം, കാസർഗോഡ് ജില്ലകളിൽ സ്റ്റോപ്പ് അനുവദിക്കുന്ന കാര്യവും ട്രെയിനുകളിൽ ബോഗികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യവും റെയിൽവേ ബോർഡിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ടെന്ന് ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിക്കുന്നത് അവസാനിപ്പിച്ച്

അവരവരുടെ ഇരിപ്പിടങ്ങളിൽ ഇരുന്നു.)

12 (*182) സഹകരണ സംഘങ്ങളിലെ കുടിശ്ശികയും നിഷ്ക്രിയ ആസ്തിയും

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിച്ചിട്ടുള്ള "ആശ്വാസ്" പദ്ധതികളിൽ ഉൾപ്പെടുത്തിയും വായ്പാ കുടിശ്ശിക നിവാരണ അദാലത്തുകൾ സംഘടിപ്പിച്ചും നിയമാനുസൃത ഇളവുകൾ നൽകിയും വായ്പാതിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ സഹകരണ സംഘങ്ങളിലെ നിഷ്ക്രിയ ആസ്തികളും കുടിശ്ശികയും കുറയ്ക്കുന്നതിന് സാധിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കാർഷിക വിളകളുടെ വിലത്തകർച്ചമൂലം വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ കർഷകർ വീഴ്ച വരുത്തുന്നതും കാലാവസ്ഥ വ്യതിയാനംമൂലം കാർഷിക മേഖല കൂടുതൽ പ്രതിസന്ധിയിലായതും വർദ്ധിച്ചുവരുന്ന ജീവിതച്ചെലവിന് ആനുപാതികമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തതും വ്യക്തിഗത വായ്പകളുടെ തിരിച്ചടവിനെ സാരമായി ബാധിച്ചിട്ടുണ്ട്. അംഗങ്ങളുടെ വായ്പാതിരിച്ചടവ് ശേഷി പരിഗണിക്കാതെ വായ്പ അനുവദിക്കുന്നതും വായ്പാ തിരിച്ചടവ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ സംഘം ഭരണസമിതികൾ ശ്രദ്ധ പുലർത്താതിരിക്കുന്നതും ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിലുള്ള കാലതാമസവും

സംഘങ്ങളുടെ വായ്പാ കുടിശ്ശിക വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. 31-03-2015-ലെ കണക്കുപ്രകാരം സംസ്ഥാന സഹകരണ ബാങ്കിന് 557.78 കോടി രൂപയുടെയും ജില്ലാ സഹകരണ ബാങ്കുകൾക്ക് 1957.33 കോടി രൂപയുടെയും നിഷ്ക്രിയ ആസ്തിയും പ്രാഥമിക വായ്പാ സംഘങ്ങൾ/ബാങ്കുകൾക്ക് 21543.36 കോടി രൂപയുടെ കുടിശ്ശികയുമുണ്ട്. കൺസ്യൂമർഫെഡിലെ അഴിമതി സംബന്ധിച്ച വിജിലൻസ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ മുതലും പലിശയുമുൾപ്പെടെ ഒരു ലക്ഷം രൂപ വരെയുള്ള വായ്പ ഏറ്റെടുക്കുന്നതിനുള്ള നടപടി താമസംവിനാ സ്വീകരിക്കുന്നതാണെന്നും സഹകരണ സംഘങ്ങളെ ആദായ നികുതി പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സഹകരണ സംഘങ്ങൾക്ക് സ്ഥലം രജിസ്ട്രേഷന് നൽകിവന്നിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നിർത്തലാക്കിയിട്ടില്ലെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി വ്യക്തമാക്കി.

(ആരോപണ വിധേയനായ ഊർജ്ജ വകുപ്പുമന്ത്രി മറുപടി പറയുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം അവരവരുടെ

സീറ്റുകളിൽ എഴുന്നേറ്റുനിന്ന് വീണ്ടും മുദ്രാവാക്യം വിളിക്കാൻ തുടങ്ങി.)

13 (*183) സൗരോർജ്ജ പദ്ധതികൾ

ഊർജ്ജ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സൗരോർജ്ജ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനായി അനെർട്ട് മുഖാന്തിരം പതിനായിരം റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ്; സോളാർ കണക്ട് ശൃംഖലാബന്ധിത സൗരോർജ്ജ പദ്ധതി; യൂട്ടിലിറ്റി ഗണത്തിൽപ്പെടുന്ന മെഗാവാട്ട് പവർപ്ലാന്റ് സ്ഥാപനം; സൗരോർജ്ജ റാന്തൽ വിതരണം; സൗരോർജ്ജ ഹോം ലൈറ്റിംഗ് സിസ്റ്റം; സൗരോർജ്ജ തെരുവ് വിളക്കുകൾ; സൗരോർജ്ജ വാട്ടർ പമ്പ്; സൗരോർജ്ജ വാട്ടർ ഹീറ്റർ; സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുവാനായുള്ള കൺസൾട്ടൻസി/ഡെപ്പോസിറ്റ് സ്കീം എന്നിവ നടപ്പിലാക്കി വരുന്നതായി സഭയെ അറിയിച്ചു. കെ.എസ്.ഇ.ബി.യുടെ ആഭിമുഖ്യത്തിൽ ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള എല്ലാവർക്കും കെട്ടിടത്തിന്റെ മുകളിൽ ഗ്രിഡുമായി ബന്ധിപ്പിക്കാനുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് ഉപഭോഗം നിറവേറ്റുന്നതിനും ബാക്കി വൈദ്യുത ഗ്രിഡിലേക്ക് കടത്തിവിടുന്നതിനും കെ.എസ്.ഇ.ആർ.സി. റഗുലേഷൻ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രിഡുമായി ബന്ധിപ്പിക്കാത്ത വൈദ്യുതോല്പാദനത്തിന്

യൂണിറ്റിന് ഒരു രൂപ നിരക്കിൽ കെ.എസ്.ഇ.ബി. ഇൻസെന്റീവ് നൽകിവരുന്നുണ്ട്. റൂഫ്ടോപ് സോളാർ പവ്വർപ്ലാന്റ് പദ്ധതിയുടെ കീഴിൽ 8500-ഓളം ഓഫ്ഗ്രിഡ് സോളാർ പവർപ്ലാന്റുകൾ സ്ഥാപിച്ച് സോളാർ വൈദ്യുതോല്പാദന ശേഷിയിൽ 8.5 മെഗാവാട്ടിന്റെ വർദ്ധന വരുത്താൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ കെട്ടിടങ്ങളിലായി സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന 363 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റുകൾ പൂർത്തീകരിച്ചതിനുപുറമെ 323 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള പവർ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. കെ.എസ്.ഇ.ബി. മുഖേന 1.56 മെഗാവാട്ടിന്റെ 4 പദ്ധതികൾ പൂർത്തീകരിക്കുകയും 3.4815 മെഗാവാട്ടിന്റെ ആറ് പദ്ധതികളുടെ നിർമ്മാണം നടന്നുവരികയും ചെയ്യുന്നതോടൊപ്പം 15.4 മെഗാവാട്ടിന്റെ 16 പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ അനുവദിച്ച 200 മെഗാവാട്ട് സോളാർ പാർക്കിനായി കാസർഗോഡ് ജില്ലയിൽ 1000 ഏക്കർ സ്ഥലത്ത് കെ.എസ്.ഇ.ബി.-യും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയും സംയുക്തമായി റിന്യൂവബിൾ പവ്വർ കോർപ്പറേഷൻ ഓഫ് കേരള എന്ന സംരംഭം തുടങ്ങുകയും ആദ്യഘട്ടമായി 50 മെഗാവാട്ടിന്റെ

ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രാരംഭഘട്ട നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്കനുസൃതമായി ഒരു കിലോവാട്ട് മുതൽ ഒരു മെഗാവാട്ട് വരെ ശേഷിയുള്ള സോളാർ നിലയങ്ങൾ ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സബ്സിഡിയോടെ കർഷകർക്ക് സോളാർ പമ്പ് സെറ്റ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രഖ്യാപിത സോളാർ സിറ്റികളിൽ സോളാർ സിറ്റി സെൽ സ്ഥാപിക്കാനും കൺസൾട്ടന്റിനെ നിയമിച്ച് മാസ്റ്റർ പ്ലാനുണ്ടാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിക്കുന്നത് അവസാനിപ്പിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ ഇരുന്നു.)

14 (*184) കേന്ദ്ര-സംസ്ഥാന പൊതുമേഖല സംയുക്ത പദ്ധതികൾ

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, മലബാർ സിമന്റ്സും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ പോർട്ട്ട്രസ്റ്റും സംയുക്തമായി 160

കോടി രൂപ ചെലവിൽ കൊച്ചി പോർട്ടിൽ സിമന്റ് ലോജിസ്റ്റിക്സ് ഹബ്ബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേന്ദ്ര ഭക്ഷ്യസംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ സഹകരണത്തോടെ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാടും കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ ചേർത്തലയിലും ഒരോ മെഗാഫുഡ് പാർക്കുകൾ സ്ഥാപിക്കുന്നതിനും ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രമോഷന്റെ സഹകരണത്തോടെ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒറ്റപ്പാലത്ത് ഡിഫൻസ് പാർക്ക് സ്ഥാപിക്കുന്നതിനും കേന്ദ്ര സഹായത്തോടെ കൊച്ചിയിൽ ഇലക്ട്രോണിക്സ് മാനുഫാക്ച്ചറിംഗ് ഹബ്ബ് സ്ഥാപിക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്. ആലപ്പുഴയിലെ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ ആധുനികവത്ക്കരണത്തിനും പ്രവർത്തനം മെച്ചപ്പെടുത്തി വിപണി വിപുലീകരിക്കുന്നതിനുമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡുമായി ചേർന്ന് സംയുക്ത സംരംഭത്തിനുള്ള പ്രാഥമിക നടപടി സ്വീകരിച്ചുവരികയാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നുണ്ട്. Transformers & Electricals Kerala Ltd (TELK), Steel Complex Ltd,

Kerala Electrical & Allied Engg. Co.Ltd. (KEL) എന്നീ സ്ഥാപനങ്ങൾ യഥാക്രമം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ NTPC, സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ്, ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്നിവയുമായി മുൻപ് ഏർപ്പെട്ടിട്ടുള്ള സംയുക്ത സംരംഭങ്ങളുടെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (KSIDC) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും (SAIL), കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡും (KMML) സംയുക്തമായി 3000 കോടി രൂപ ചെലവും 10,000 ടൺ ഉൽപ്പാദനശേഷിയുമുള്ള ടൈറ്റാനിയം സ്പോഞ്ച് പദ്ധതി നടപ്പാക്കുന്നതിനായി ധാരണാപത്രം ഒപ്പുവയ്ക്കുകയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി മേൽപ്പറഞ്ഞ മൂന്ന് സ്ഥാപനങ്ങളുടെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും പദ്ധതിക്ക് സാങ്കേതികവിദ്യ തേടുന്നതിനുള്ള താൽപ്പര്യ പ്രകടനം (EoI) ക്ഷണിക്കുവാനുള്ള തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2039 മുതൽ 2274 വരെയുള്ള ചോദ്യങ്ങളിൽ 49 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * * *